**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കോട്ടയം തീക്കോയി ഗ്രാമപഞ്ചായത്ത് -ജലനിധി കുടിവെള്ള പദ്ധതി ശ്രീ.പി.സി.ജോർജ്ജ് എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.56/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 10/01/2019

---

പരാമർശം:- 1 06/12/2018 സ.ഉ(സാധാ)നം.3102/2018/തസ്വഭവ നമ്പർ ഉത്തരവ്.

2 തീക്കോയി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 15/12/2018ലെ എ1-3855/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ പൂഞ്ഞാർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ.പി.സി.ജോർജ്ജ് എം.എൽ.എ യുടെ 2017-18 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്നും തീക്കോയി ഗ്രാമപഞ്ചായത്തിൽ ജലനിധി കുടിവെള്ള പദ്ധതിക്കായി 15,00,000/-(പതിനഞ്ച് ലക്ഷം) രൂപ 4515-00-800-96-പ്രോജക്ട്സ് അണ്ടർ എൽഎസി.എഡിഎസ്(NP) എന്ന ശീർഷകത്തിൽ നിന്നും മാറ്റിയെടുക്കാൻ പഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തി പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ഹെഡ് ചീഫ് എൻജിനീയറുടേതായതിനാൽ മാറ്റിയെടുക്കാൻ സാങ്കേതിക തടസ്സം നേരിടുന്നതായി പരാമർശം 2 പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൂഞ്ഞാർ നിയോജകമണ്ഡലെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 15 ലക്ഷം രൂപ 4515-00-800-96-Projects under LAC ADS(NP)' ശീർഷകത്തിൽ നിന്നും തീക്കോയി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള TSB അക്കൗണ്ടിലേക്ക് മാറി നൽകാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം 1 ലെ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബീനമോൾ കെ ജെ**
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ്
ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്.

പ്രസിഡന്റ്/സെക്രട്ടറി തീക്കോയി ഗ്രാമപഞ്ചായത്ത്

എക്സിക്യൂട്ടീവ് ഡയറക്ടർ, ജലനിധി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ

ധനകാര്യ വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ)/എൽ.ബി.എ&എ) കേരള

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ